(ഡി) എൻ. സി. ഡി. സി.-യുടെ സാമ്പത്തിക സഹായത്തോടെ ഈ സ്പിന്നിംഗ് മില്ലുകൾ നവീകരിക്കുന്നതിനും സ്പിൻഡിൽ ശേഷി വർദ്ധിപ്പിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൈത്തറി പരിശീലന കേന്ദ്രങ്ങൾ

16 (2153) പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ജി. കാർത്തികേയൻ:
,, വി. ജെ. പൗലോസ്:
,, കെ. എ. ചന്ദ്രൻ:
,, എം. മുരളി;

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം കൈത്തറി പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ കേന്ദ്രങ്ങളിൽ എത്ര പേർ പരിശീലനം നേടുന്നു;

(സി) പുതുതായി കൈത്തറി പരിശീലന കേന്ദ്രം തുടങ്ങുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് പറയുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കണ്ണൂരിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്സ്റ്റൈയിൽ ടെക്നോളജി എന്ന സ്ഥാപനം കൈത്തറി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നു.

(ബി) വിവിധ കോഴ്സുകളിലായി നൂറോളം പേർ ഇവിടെ പരിശീലനം നേടിക്കൊണ്ടിരിക്കുന്നു.

(സി) ഉണ്ട്. സെക്രട്ടറിയേറ്റ് കേന്ദ്രഗവൺമെന്റ് സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി (ഐ.ഐ.എച്ച്.ടി.) യുടെ മാതൃകയിൽ കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് ഒരു ദേശീയ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനായി 2005-06-ലെ ബഡ്ജറ്റിൽ ഒരു കോടി രൂപ വക കൊള്ളിച്ചിട്ടുണ്ട്. ഈ സ്ഥാപനം കണ്ണൂരിൽ തുടങ്ങുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

തൃശ്ശൂർ സീതാറാം ടെക്സ്റ്റൈൽ മില്ലിന്റെ നവീകരണം

17 [2154] [ശ്രീ. കെ. വി. താരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തൃശ്ശൂർ സീതാറാം ടെക്സ്റ്റൈൽ മില്ലിന്റെ നവീകരണത്തിനായി സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി മില്ലിലെ ട്രേഡ് യൂണിയൻ സംഘടനകൾ സർക്കാരിന് നിവേദനം നല്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ബഹു. വ്യവസായ വകുപ്പുമന്ത്രി മില്ല് സന്ദർശിച്ചപ്പോൾ മില്ലിന്റെ വികസനവുമായി ബന്ധപ്പെട്ട് മാനേജ്മെന്റുമായും ട്രേഡ് യൂണിയൻ സംഘടനകളുമായും ചർച്ച നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) തുണിയും നൂലും വിറ്റ വകയിൽ മില്ലിനു പിരിഞ്ഞു കിട്ടാനുള്ള സംഖ്യ എത്രയാണ്; ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽനിന്നുമാണ് ഈ സംഖ്യ കിട്ടാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) മില്ലിൽനിന്നും കൊടുത്തു തീർക്കാനുള്ള കുടിശ്ശിക സംഖ്യ എത്രയാണ്; ഏതൊക്കെ ഇനങ്ങളിലാണ് സംഖ്യ കൊടുക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(എഫ്) പി. എഫ്., ഗ്രാറ്റുവിറ്റി, ഇ. എസ്. ഐ. കുടിശ്ശിക എത്ര വീതമാണ്;

(ജി) വൈദ്യുതി ഉപയോഗിച്ചതിന് തൃശ്ശൂർ മുനിസിപ്പാലിറ്റിക്ക് കൊടുത്തു തീർക്കാനുള്ള കുടിശ്ശിക എത്രയാണ്;

(എച്ച്) തൃശ്ശൂർ സീതാറാം മില്ലിൽ ഇപ്പോൾ എത്ര പേർ ജോലി ചെയ്യുന്നുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇ.ആർ.സി.-യുടെ നിർദ്ദേശപ്രകാരം സീതാറാം ടെക്സ്റ്റയിൽസ് പുനരുദ്ധരിക്കുന്നതിനുള്ള നിർദ്ദേശം അംഗീകരിച്ചിട്ടുണ്ട്.

(ബി) നിവേദനം നൽകിയിട്ടുണ്ട്. ഇതു സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഉണ്ട്.

(ഡി) അനുബന്ധം I ആയി ചേർക്കുന്നു. †

(ഇ) അനുബന്ധം II ആയി ചേർക്കുന്നു. ‡

(എഫ്) പി. എഫ്.—25.84 ലക്ഷം
ഗ്രാറ്റുവിറ്റി—ഇല്ല
ഇ. എസ്. ഐ. കുടിശ്ശിക—12.46 ലക്ഷം

(ജി) 16 ലക്ഷം രൂപ.

(എച്ച്) ഇപ്പോൾ 214 പേർ ജോലി ചെയ്യുന്നു.

പോഷകാഹാര കിറ്റിൽ മായം

18. [2155] ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) 4-7-2005-ലെ മംഗളം ദിനപത്രത്തിലെ അംഗൻവാടികളിലേക്കുള്ള പോഷകാഹാര കിറ്റിൽ മാരകമായ മായം കണ്ടെത്തിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടികളാണ് കൈക്കൊണ്ടുവെന്ന് വെളിപ്പെടുത്തുമോ;

† അനുബന്ധം IV കാണുക.

‡ അനുബന്ധം IV (എ) കാണുക.

LIBRARY ARCHIVES Kerala Legislative Assembly